| | | |
|---|---|---|
| കൊല്ലം | 8 | 2 |
| പത്തനംതിട്ട | 4 | – |
| കോട്ടയം | 2 | 2 |
| ഇടുക്കി | – | 1 |
| എറണാകുളം | 2 | 1 |
| തൃശ്ശൂർ | 3 | 3 |
| പാലക്കാട് | 3 | 1 |
| മലപ്പുറം | 2 | – |
| കോഴിക്കോട് | 1 | 1 |
| വയനാട് | – | 1 |
| കണ്ണൂർ | 1 | – |
| കാസർഗോഡ് | 2 | – |

(സി) 22

## വിധവകളായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന നടപടി

**89 (800)** ശ്രീ. പി.ജെ. ഫ്രാൻസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ വിവിധ വകുപ്പിൽ താൽക്കാലിക നിയമനം കിട്ടി തുടരുന്ന വിധവകളായ ജീവനക്കാരെ മാനുഷിക പരിഗണന വച്ച് സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കാലാവധി തീർന്ന് പിരിച്ചു വിടപ്പെട്ട വിധവകളായ മുൻ താൽക്കാലിക ജീവനക്കാർക്ക് പിന്നീടുണ്ടാവുന്ന താൽക്കാലിക ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിന് മുൻഗണന കൊടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

ഉത്തരം

(എ)&(ബി)പരിഗണിക്കാൻ നിർവ്വാഹമില്ല.

## സ്വാതന്ത്ര്യ സമര സേനാനികൾക്ക് പെൻഷൻ

**90 (801)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി ബാലറാം :
ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വാതന്ത്ര്യ സമര സേനാനികൾക്ക് ഇപ്പോൾ നല്കി വരുന്ന പെൻഷൻ എത്രയാണ്;

(ബി) ഇത് വർദ്ധിപ്പിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) ഈ തുക വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly